# ഇൻഫോപാർക്കിൽ ഇളനീർ പാർലർ തുറന്നു

കൊച്ചി: ഇൻഫോപാർക്കിൽ ഇളനീർ പാർലർ തുറന്നു. നാളികേര വികസനബോർഡുമായി സഹകരിച്ചു പാലക്കാട് മുതലമടയിലെ നാളികേര ഉത്പാദക സംഘമാണ് ഇളനീർ പാർലർ ആരംഭിച്ചത്.

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ അഡീഷണൽ കമ്മീഷണർ ഓം പ്രകാശ് ഉദ്ഘാടനം ചെയ്തു. ഇൻഫോപാർക്ക് സിഇഒ ജിജോ, മുതിർന്ന സാങ്കേതിക ഉപദേഷ്ടാവ് കെ. കുര്യൻ എന്നിവരും നാളികേര വികസന ബോർഡ് അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. ഇൻഫോപാർക്കിലെ എക്സ്പ്രസ് വേയിലാണ് ഇളനീർ പാർലർ. രാവിലെ ഒൻപതു മുതൽ വൈകുന്നേരം ആറു വരെ പാർലർ പ്രവർത്തിക്കും. ടെൻഡർ കോക്കനട്ട് പഞ്ചിംഗ് മെഷീൻ ഉപയോഗിച്ചാണ് ഇവിടെ കരിക്ക് തുളയ്ക്കുന്നത്.




ഇൻഫോപാർക്കിൽ ആരംഭിച്ച ഇളനീർ പാർലർ കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ അഡീഷണൽ കമ്മീഷണർ ഓം പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു.